# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം.

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ -4099

## 16/12/2014 -ലെ മറുപടിക്ക്

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) യുടെ കത്ത്

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.ചിറ്റയം ഗോപകുമാർ. | ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| എ | അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) യുടെ 15/10/2014 -ലെ 46647/പി.ആർ.യു2/2014/ധന. നമ്പർ കത്തിന്റെ സാരാംശം വെളിപ്പെടുത്തുമോ; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; | ഇടക്കാലാശ്വാസം അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല എന്നതാണ് ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം) യുടെ 15/10/2014- ലെ 46647/പി.ആർ.യു 2/2014/ധന നമ്പർ കത്തിന്റെ സാരാംശം.<br><br>ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു. |
| ബി | ഈ കത്ത് ആർക്കാണ് അയച്ചിട്ടുള്ളത്; | ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ് ഓർഗനൈസേഷൻസിന്റെ സംസ്ഥാന കമ്മിറ്റി ജനറൽ സെക്രട്ടറി ആയ ശ്രീ.എസ്. വിജയകുമാരൻ നായർക്കാണ് ഈ കത്ത് അയച്ചിട്ടുള്ളത്. |
| സി | 15/10/2014-ലെ പ്രസ്തുത കത്തിന് ആധാരമായിട്ടുള്ള നിവേദനം/കത്തിന്റെ സാരാംശവും പകർപ്പും ലഭ്യമാക്കുമോ ? | മുഴുവൻ സംസ്ഥാന ജീവനക്കാർക്കും 2014 ജൂലൈ മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം ഇടക്കാലാശ്വാസം അനുവദിക്കണമെന്നഭ്യർത്ഥിക്കുന്നതാണ് 15/10/2014 ലെ സർക്കാർ കത്തിന് ആധാരമായിട്ടുള്ള നിവേദനത്തിന്റെ സാരാംശം.<br><br>നിവേദനത്തിന്റെ പകർപ്പ് ലഭ്യമാക്കുന്നു. |

സെക്ഷൻ ഓഫീസർ

-5-

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

**നം. 46647/പി.ആർ.യു.2 / 2014/ധന**

**ധനകാര്യ (പി.ആർ.യു.)വിഭാഗം**
തിരുവനന്തപുരം
തീയതി. 15/10/2014

അഡീഷണൽ ചീഫ് സെക്രട്ടറി (ധനകാര്യം)

ശ്രീ. വിജയകുമാരൻ നായർ
ജനറൽ സെക്രട്ടറി
ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവ്വീസ്
ഓർഗനൈസേഷൻസ് സംസ്ഥാന കമ്മിറ്റി ,
പ്രസ് ക്ലബ്ബിനു സമീപം
തിരുവനന്തപുരം.

സർ,

വിഷയം :- സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച്.

സൂചന :- താങ്കളുടെ 20/05/2014 – ലെ 96/2014 നം. കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. നിലവിലുള്ള ശമ്പള പരിഷ്കരണ കാലാവധി കഴിഞ്ഞ് പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിന് കാലതാമസം ഉണ്ടാകുമ്പോഴാണ് ഇടക്കാലാശ്വാസം അനുവദിക്കുന്നത്. അത്തരം സാഹചര്യം ഇപ്പോൾ നിലവില്ലാത്തതിനാൽ ഇടക്കാലാശ്വാസം അനുവദിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല എന്ന വിവരം താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**പി. എസ്.സുധീർ**
അണ്ടർ സെക്രട്ടറി (ധനകാര്യം)
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.

o/c

-1-

14838/14/W

# ജോയിന്റ് കൗൺസിൽ ഓഫ് സ്റ്റേറ്റ് സർവീസ് ഓർഗനൈസേഷൻസ്

J.C.S.S.O


സംസ്ഥാന കമ്മിറ്റി, പ്രസ്സ് ക്ലബ്ബിനു സമീപം, തിരുവനന്തപുരം - 1

ഫോൺ: 2330731

ഫാക്സ്: 0471 2330731

ഇ-മെയിൽ : jcsso69@gmail.com

വെബ്സൈറ്റ് : www.jcsso.com


FINANCE DEPARTMENT

Tapal No. 46647 /2014/Fin.


ആർ. സുഖലാൽ
ചെയർമാൻ
മൊബൈൽ : 9446118022

എസ്. വിജയകുമാരൻ നായർ
ജനറൽ സെക്രട്ടറി
മൊബൈൽ : 9446349236


നമ്പർ. 96/2014

തീയതി. 20/5/14

ബഹു: മുഖ്യമന്ത്രി,
കേരള സർക്കാർ
തിരുവനന്തപുരം

ACS (Finance) for necessary action
20/5/14
OOMMEN CHANDY
Chief Minister
Kerala

OFFICE OF THE CHIEF MINISTER ★ KERALA ★ THIRUVANANTHAPURAM

സർ,

വിഷയം: സംസ്ഥാന ജീവനക്കാർക്ക് ഇടക്കാലാശ്വാസം അനുവദിക്കണമെന്നാവശ്യപ്പെടുന്നതു സംബന്ധിച്ച്.

രാജ്യം ദർശിച്ച ഏറ്റവും വലിയ വിലക്കയറ്റത്തിന്റെ നാളുകളിലൂടെയാണ് നമ്മൾ കടന്നു പോകുന്നത്. ഇത് ഏറ്റവും ഗുരുതരമായി ബാധിക്കുന്നത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിലെ ജനങ്ങളെയാണ്. ക്ളിപ്ത വരുമാനക്കാരായ സർക്കാർ ജീവനക്കാരുടെ കുടുംബ ബജറ്റുകൾ താളം തെറ്റുകയാണ്. കൂടുതൽ സാമ്പത്തിക സഹായം നൽകി സിവിൽ സപ്ലൈസ് കോർപ്പറേഷൻ, കൺസ്യൂമർ ഫെഡ്, ഹോർട്ടി കോർപ്പ് മുതലായവയെ ശക്തിപ്പെടുത്തി പൊതുവിതരണം കാര്യക്ഷമമാക്കാൻ കഴിയാത്തതു മൂലം പൊതുവിപണിയിലെ വിലക്കയറ്റം പിടിച്ചു നിർത്താൻ കഴിയാത്ത അവസ്ഥയാണ്. സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന ക്ഷാമബത്ത നിലവിലെ അസാധാരണമായ വിലക്കയറ്റത്തിന് സമീകരണമല്ല. അതിനിടെ ബസ്ചാർജ്ജ് വർദ്ധന നിലവിൽ വന്നുകഴിഞ്ഞു. വൈദ്യുതി ചാർജ്ജ് വർദ്ധന സർക്കാരിന്റെ പരിഗണനയിലുമാണ്.

1973 മുതലുള്ള കീഴ്വഴക്കമനുസരിച്ച് കേരളത്തിൽ അഞ്ചു വർഷത്തിലൊരിക്കൽ ശമ്പളപരിഷ്കരണം നടപ്പിലാക്കാറുണ്ട്. 2002 ൽ ഈ കീഴ്വഴക്കം അട്ടിമറിക്കപ്പെട്ടുവെങ്കിലും 2004 ജൂലൈ മാസം മുതൽ നടപ്പിലാക്കിയ ശമ്പളപരിഷ്കരണത്തിന്റെ ചുവടു പിടിച്ച് അഞ്ചു വർഷ തത്വം പാലിച്ചു കൊണ്ട് 01-07-2009 മുൻകാല പ്രാബല്യത്തോടെ കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ശമ്പളപരിഷ്കരണം നടപ്പിലാക്കിയിരുന്നു.

01-07-2014 മുതലാണ് 10-ാം ശമ്പളപരിഷ്കരണം നടപ്പിലാക്കേണ്ടത്. 2013 നവംബർ മാസത്തിൽ ജസ്റ്റിസ് സി.എൻ.രാമചന്ദ്രൻ നായർ അദ്ധ്യക്ഷനായി ശമ്പളക്കമ്മീഷനെ നിയമിച്ചുവെങ്കിലും കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. നിശ്ചയിച്ചിരുന്ന ആറു മാസമെന്ന കാലാവധി അവസാനിക്കുകയും ചെയ്തു. ഇപ്പോൾ കമ്മീഷൻ അതിന്റെ കാലാവധി ഒരു വർഷം കൂടി ദീർഘിപ്പിക്കണമെന്ന് സർക്കാരിനോടാവശ്യപ്പെട്ടിരിക്കുന്നു. ഇത് അനിശ്ചിതമായി നീണ്ടു പോകുമോ എന്ന് ജീവനക്കാർക്ക് ആശങ്കയുണ്ട്.

ഈ സാഹചര്യത്തിൽ മുഴുവൻ ജീവനക്കാർക്കും 2014 ജൂലൈ മുതൽ അടിസ്ഥാന ശമ്പളത്തിന്റെ 20 ശതമാനം ഇടക്കാലാശ്വാസം അനുവദിക്കാൻ തയ്യാറാകണമെന്നഭ്യർത്ഥിക്കുന്നു.

AS (PRC)

വിശ്വസ്തതയോടെ,

എസ്. വിജയകുമാരൻ നായർ
ജനറൽ സെക്രട്ടറി

U2
27/5/14

D drive/after 38 confere/represen2012-2014 204